പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 30 | 27.02.2017 ൽ മറുപടിയ്ക്ക്

# കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസും ജീവനക്കാരുടെ ആശങ്കയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ.പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (കെ. എ. എസ്.) രൂപീകരണം സംബന്ധിച്ച് സെക്രട്ടേറിയറ്റ് സംഘടനാ പ്രതിനിധി കളുമായി ചർച്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ പ്രാവശ്യം നടത്തിയ ചർച്ചയുടെ യോഗനടപടിക്കുറിപ്പുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;<br><br>(ബി) ഇത് സംബന്ധിച്ച് ജീവനക്കാരുടെയിടയിൽ നിലനിൽക്കുന്ന ആശങ്കകൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശം നൽകുമോ; | (എ) & (ബി) ഉണ്ട്. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് 16.08.2016 ലെ G.O.(Rt)No.322/16/P&ARD പ്രകാരം രൂപീകൃതമായ സെക്രട്ടറിമാരുടെ കമ്മിറ്റി നവംബർ 17, 18, 19 തീയതികളിൽ സെക്രട്ടേറിയറ്റ് സംഘടനാ പ്രതിനിധികളുടക്കം വിവിധ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിരുന്നു. അതിനുശേഷം 13.01.2017 ൽ മുഖ്യമന്ത്രി നേരിട്ട് സെക്രട്ടേറിയറ്റിലെ സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുണ്ട്. പ്രസ്തുത യോഗനടപടിക്കുറിപ്പുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. കൂടാതെ, 15.02.2017 ൽ ചീഫ് സെക്രട്ടറിയും പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുണ്ട്. പ്രസ്തുത ചർച്ചയുടെ മിനിറ്റ്സ് തയ്യാറായിട്ടില്ല. |
| (സി) രണ്ടാം ഗസറ്റഡ് തസ്തികയും അതിനു മുകളിലുള്ള തസ്തികകളും കൂടുതൽ വരുന്നത് ഏതൊക്കെ വകുപ്പുകളിലാണെന്ന് വ്യക്തമാക്കാമോ; | (സി) തസ്തികകളുടെ കണക്കുകൾ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു. |
| (ഡി) ഏത് ഭരണ പരിഷ്കാര കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കെ. എ. എസ്. ഇപ്പോൾ നടപ്പിലാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുള്ളത്; ഇക്കാര്യത്തിൽ കാലാനുസൃതമായ മാറ്റം വരുത്തുന്നതിന് പുതിയ ഭരണ പരിഷ്കാര കമ്മീഷന്റെ അഭിപ്രായം തേടുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) ശ്രീ.ഇ.കെ.നായനാർ അദ്ധ്യക്ഷനായിട്ടുള്ള 1997 ലെ 3-ാം ഭരണപരിഷ്കാര കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിലാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം
# സർവ്വീസ് സംഘടനകളുമായുള്ള ചർച്ചയുടെ നടപടിക്കുറിപ്പുകൾ

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് രൂപീകൃതമായ സെക്രട്ടറിമാരുടെ കമ്മിറ്റി 2016 നവംബർ 17, 18, 19 തീയതികളിൽ ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വിവിധ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തി. വിവിധ സർവ്വീസ് സംഘടനകളുടെ അഭിപ്രായങ്ങൾ ചുവടെ ചേർക്കുന്നു.

**1) കേരള ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ**

i) കേരളത്തിലെ സേവനമേഖലയുടെ ഗുണനിലവാരവും കാര്യക്ഷമതയും മെച്ചപ്പെടുത്തുന്നതിനും ഉറപ്പാക്കുന്നതിനും കഴിയുന്ന തരത്തിൽവേണം KAS രൂപീകരിക്കേണ്ടത്

ii)സംസ്ഥാന സിവിൽ സർവ്വീസിൽ അഡ്മിനിസ്ട്രേറ്റീവ് മേൽനോട്ടം വഹിക്കുന്ന എല്ലാ തസ്തികകളും കെ.എ.എസിന്റെ പരിധിയിലാക്കേണ്ടതാണ്.

iii)സെക്രട്ടറിയേറ്റ് സർവ്വീസിനെ ഉൾപ്പെടുത്തണം

iv) സംസ്ഥാന സെക്രട്ടറിയേറ്റ് സർവ്വീസ് അടക്കം എല്ലാ വകുപ്പുകളിലേയും രണ്ടാം ഗസറ്റഡ് തസ്തികകളുടെ 10% തസ്തികകൾ കെ.എ.എസ്സിനായി മാറ്റിവയ്ക്കണം

v) കെ.എ.എസിനുള്ള പുറത്തുള്ള ജീവനക്കാരുടെ പ്രൊമോഷൻ സാദ്ധ്യതകൾക്ക് തടസമാകാത്ത വിധത്തിൽ പ്രത്യേക കേഡറാക്കി കെ.എ.എസ്.രൂപീകരിക്കണം. കെ.എ.എസിൽ വരുന്ന ജീവനക്കാരുടെ തസ്തികകളും ചുമതലകളും ഉത്തരവാദിത്വങ്ങളും കൃത്യമായി നിർവചിക്കപ്പെടണം.

vi)നിയമനം 3 രീതിയിലാക്കണം -

1) ഒന്നാം ഗസറ്റഡ് തസ്തികയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരിൽനിന്നും തസ്തികമാറ്റം വഴി(30%)
2) സംസ്ഥാന സിവിൽ സർവീസിലെ എല്ലാവിഭാഗം ജീവനക്കാരിൽനിന്നും (20%)
3) യോഗ്യരായ അപേക്ഷകരിൽനിന്നും നേരിട്ടുള്ള നിയമനം(50%)

vii) ഏകീകൃത പരീക്ഷ വേണം. പരീക്ഷയുടെ വിശദാംശങ്ങൾ, അപേക്ഷകരുടെ യോഗ്യത, വയസ്, നിയമനരീതി എന്നിവസംബന്ധിച്ച്

സർവ്വീസ് സംഘടനകളുമായി തീരുമാനിച്ച് മാനദണ്ഡങ്ങൾ രൂപീകരിക്കണം. KAS ന്റെ കരട് തയ്യാറാക്കി സംഘടനകളുമായി ചർച്ച നടത്തണം.

**2) കേരള എൻ.ജി.ഒ.അസോസിയേഷൻ**

i) എല്ലാ വകുപ്പുകളെയും ഉൾപ്പെടുത്തുന്നതോടൊപ്പം സെക്രട്ടറിയേറ്റ് സർവ്വീസിനെയും ഉൾപ്പെടുത്തണം

ii) 50% നേരിട്ടുള്ള നിയമനത്തിൽ മാറ്റംവരുത്തി 75% ട്രാൻസ്ഫർ മുഖേനയും 25% നേരിട്ടും നിയമനം നടത്തണം

iii) ടെക്നിക്കൽ, നോൺ ടെക്നിക്കൽ വിവേചനമില്ലാതെ എല്ലാവരെയും ഉൾപ്പെടുത്തണം

**3) ജോയിന്റ് കൗൺസിൽ ഓഫ് സ്റ്റാഫ് സർവ്വീസ് ഓർഗനൈസേഷൻസ്**

i) സെക്രട്ടറിയേറ്റ് സർവ്വീസിനെ ഉൾപ്പെടുത്തണം

ii) ഐ.എ.എസ്സിനുമാത്രമായി ഈ സംവിധാനം ചുരുക്കരുത്

**4) കേരള റവന്യൂ ഡിപ്പാർട്ടുമെന്റ് സ്റ്റാഫ് അസോസിയേഷൻ**

i) സെക്രട്ടറിയേറ്റ് സർവ്വീസിനെ ഉൾപ്പെടുത്തണം

ii) കെ.എ.എസ് നിലവിൽവന്നാൽ നിലവിലുള്ള ഡെപ്യൂട്ടി കളക്ടർ സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തി നേരിട്ടു നിയമന വ്യവസ്ഥ ഒഴിവാക്കണം

iii) ഒന്നാം ഗസറ്റഡ് തസ്തികയിൽ ജോലി ചെയ്യുന്നവരെ (ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട്) കൂടി കെ.എ.എസ്സിനുള്ള അപേക്ഷാഗണത്തിൽ ഉൾപ്പെടുത്തണം.

**5) എംപ്ലോയ്മെന്റ് ഓഫീസേഴ്സ് (ഗസറ്റഡ്) അസോസിയേഷൻ**

i)NES KERALA (National Employment Service – Kerala)യും കൂടി കെ.എ.എസ്സിൽ ഉൾപ്പെടുത്തണം.

ii)2nd ഗസറ്റഡ് പോസ്റ്റായ ഡിസ്ട്രിക്ട് എംപ്ലോയ്മെന്റ് ഓഫീസർ തസ്തിക ഡെപ്യൂട്ടികളക്ടർ തസ്തികയ്ക്കു തുല്യമാക്കണം.

iii) വിരമിക്കൽപ്രായം 60 ആക്കണം.

**6) കേരള ലാന്റ് റവന്യൂ സ്റ്റാഫ് അസോസിയേഷൻ**

i) കെ.എ.എസ് രൂപീകരിക്കുമ്പോൾ ഡെപ്യൂട്ടി കളക്ടർമാരെ നേരിട്ട് നിയമിക്കുന്നതിനുള്ള കേരള സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്) സ്പെഷ്യൽ റൂൾ റദ്ദ് ചെയ്യണമെന്നും നിലവിൽ ഡെപ്യൂട്ടി കളക്ടർ ആയി നിലവിൽ

നേരിട്ട് നിയമനം ലഭിച്ചിട്ടുള്ളവരെ കെ.എ.എസിൽ ഉൾപ്പെടുത്തി അവരുടെ എണ്ണം കുറവുവരുത്തി മാത്രമേ കെ.എ.എസിലെ റവന്യൂ വകുപ്പിലെ ഒഴിവുകൾ തിട്ടപ്പെടുത്താവൂ.

ii)കെ.എ.എസിൽ നിയമനം ലഭിക്കുന്ന ഉദ്യോഗസ്ഥരിൽ ഹയർ സർവ്വെ, ക്രിമിനൽ ജുഡീഷ്യറി ടെസ്റ്റ്, പോലീസ് & മജിസ്റ്റീരിയൽ ട്രെയിനിംഗ് എന്നീ പരീക്ഷകൾ പാസാകാത്തവരെ നിയമിക്കാൻ പാടില്ല എന്ന് നിഷ്കർഷിക്കുന്നു.

iii)റവന്യൂ വകുപ്പിലെ റവന്യൂ ഡിവിഷണൽ ഓഫീസർ തസ്തിക, ഐ.എ.എസ്, കെ.എ.എസ് പ്രൊമോഷനിലൂടെ വരുന്ന ഡെപ്യൂട്ടി കളക്ടർമാർ എന്നിവർക്ക് 20:20:60 എന്ന റേഷ്യോ നിശ്ചയിക്കണം.

iv) ഐ.എ.എസ് കൺഫർചെയ്യുന്നതിൽ നേരിട്ട് നിയമനം ലഭിക്കുന്നവർക്ക് 8 വർഷം സർവ്വീസ് എന്നും, സർവ്വീസ് ക്വാട്ടയിൽ വരുന്നവർക്ക് 5 വർഷം സർവ്വീസ് എന്നും അവരുടെ പരമാവധി പ്രായം 57 വയസ്സെന്നും നിശ്ചയിക്കണം.

**7) പി.എസ്.സി.എംപ്ലോയീസ് അസോസിയേഷൻ**

i) പി.എസ്.സി. ജീവനക്കാരെ ഉൾപ്പെടുത്തണം

ii) എസ്.സി./എസ്.ടിക്കാർക്ക് 5 വർഷത്തെ ഇളവ് നൽകണം

iii) എല്ലാ വകുപ്പുകളിലുമുള്ള ജീവനക്കാർക്ക് പരീക്ഷ എഴുതുന്നതിനുള്ള അവസരം നൽകണം.

iv)പരീക്ഷ പി.എസ്.സി മുഖേന നടത്തണം

**8) ഫെഡറേഷൻ ഓഫ് സ്റ്റേറ്റ് എംപ്ലോയീസ് ആന്റ് ടീച്ചേഴ്സ് ഫ്രണ്ട്**

i) എല്ലാ വകുപ്പുകളെയും ഉൾപ്പെടുത്തണം.

ii) ഏതൊരു ജീവനക്കാരനും 50% തസ്തികയിൽ മത്സരിക്കുവാൻ ഉള്ള അവസരം നൽകണം.

iii) സർവ്വീസിലുള്ളവർക്ക് മുൻഗണന നൽകുന്നതോടൊപ്പം ഇതുമൂലമുണ്ടാകുന്ന പ്രൊമോഷൻ നഷ്ടം പരിഹരിക്കണം.

iv)സെക്രട്ടറിയേറ്റ് സർവ്വീസിനെ ഉൾപ്പെടുത്തണം.

v) 10 തസ്തികയിൽ കുറവുള്ള വകുപ്പുകളെ ഉൾപ്പെടുത്തരുത്.

**9) കേരള എൻ.ജി.ഒ.യൂണിയൻ**

i) സെക്രട്ടറിയേറ്റ് സർവ്വീസിനെ ഉൾപ്പെടുത്തണം

ii) മുഴുവൻ വകുപ്പുകളിലെയും technical/Non-technical/professinal

വ്യത്യാസമില്ലാതെ ഉൾപ്പെടുത്തണം.

iii)നിയമനം 50% നേരിട്ടും 50% ട്രാൻസ്ഫർ വഴിയുമായിരിക്കണം. നേരിട്ടുള്ള നിയമനത്തിൽ 25%സർവ്വീസിലുള്ളവർക്ക് അവസരം നൽകണം.

iv) പി.എസ്.സി പരീക്ഷമുഖാന്തിരം നിയമനം നടത്തണം. നേരിട്ടുള്ള നിയമനത്തിന്റെ പ്രായപരിധി 21-33 ഉം ട്രാൻസ്ഫർ മുഖേനമുള്ളവർക്ക് 40 ഉം ആക്കണം

## 10) <u>കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ</u>

i)പ്രത്യേക അഡ്മിനിസ്ട്രേറ്റീവ് കേഡർ ആയി രൂപീകരിക്കണം

ii) എല്ലാവിഭാഗക്കാരെയും ഉൾപ്പെടുത്തണം.

iii) അടിസ്ഥാന യോഗ്യതയായി ബിരുദം വേണം. UPSC നടത്തുന്ന സിവിൽ സർവ്വീസ് പരീക്ഷാ മാതൃകയിൽ എല്ലാ വർഷവും പരീക്ഷ നടത്തുവാൻ പി.എസ്.സി.യെ സജ്ജമാക്കണം. Preliminary/Mains/interview എന്നിവ വേണം

iv) എല്ലാ വകുപ്പുകളിലും ശാസ്ത്രീയ പഠനം നടത്തി തസ്തികകൾ കണ്ടെത്തി KAS രൂപീകരിക്കണം.

v) പ്രൊബേഷൻ പൂർത്തിയാക്കിയ ബിരുദധാരികളായ ആദ്യ ഗസറ്റഡ് ഓഫീസർമാരെ വേണം

vi) 52 വയസ്സ് എന്നത് 50 ആയി കുറയ്ക്കണം.

vi)IAS ലേയ്ക്ക് നിലവിൽ സർക്കാർ സർവ്വീസിൽനിന്നുമുള്ള നിയമനങ്ങൾ അവസാനിപ്പിക്കണം.

vii)കരട് ചട്ടങ്ങൾ തയ്യാറാക്കി ജീവനക്കാരുടെ സംഘടനമായി ചർച്ച നടത്തണം. ധൃതി പിടിച്ച് നടത്തരുത്.

## 11) <u>കേരള ഗസറ്റഡ് ഓഫീസേഴ്സ് ഫെഡറേഷൻ</u>

i)സെക്രട്ടറിയേറ്റ് സർവ്വീസിനെ ഉൾപ്പെടുത്തണം

ii)എല്ലാ വകുപ്പുകളെയും ഉൾപ്പെടുത്തണം.

iii) I[st] ഗസറ്റഡ് ഓഫീസർമാരുടെ പ്രൊമോഷൻ സാധ്യതകളെ ബാധിക്കരുത്.

iv) പൊതുഭരണ വകുപ്പിനു കീഴിലായിരിക്കണം കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

v)വിരമിക്കൽപ്രായം 60 ആയി ഉയർത്തണം

vi) ഭരത് ഭൂഷൺ കമ്മിറ്റിയുടെ 4-ാം ശുപാർശയ്ക്ക് വ്യക്തത വേണം.

vii) സിവിൽ സർവ്വീസ് ബോർഡ് രൂപീകരിക്കണം.

viii) 3:1 എന്ന രീതിയിൽ ട്രാൻസ്ഫർ വഴിയും നേരിട്ടും നിയമനം നടത്തണം.

ബിരുദം അടിസ്ഥാന യോഗ്യതയായിരിക്കണം.

xi) കെ.എ.എസ്സിന്റെ പ്രൊമോഷൻ സാദ്ധ്യത വ്യക്തമാക്കണം.

## 12) <u>കേരള മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റ് സ്റ്റാഫ് അസോസിയേഷൻ</u>

i) 2nd ഗസറ്റഡ് ഉദ്യോഗസ്ഥർ/മിനിസ്റ്റീരിയൽ സ്റ്റാഫിനെ ഉൾപ്പെടുത്തുക

ii) സെക്രട്ടറിയേറ്റിനെ ചേർക്കണമെന്ന് അഭിപ്രായമില്ല.

## 13) <u>കേരള എൻ.ജി.ഒ.സംഘ്</u>

i) ടെക്നിക്കൽ/നോൺ-ടെക്നിക്കൽ വ്യത്യാസമില്ലാതെ എല്ലാ വകുപ്പുകളെയും ഉൾപ്പെടുത്തുക.

ii) ശതമാന തസ്തികകൾ എന്നതിനുപകരം ഒരു കൃത്യമായ എണ്ണം വേണം.

iii) സ്പെഷ്യൽ റൂൾസ്, സർവ്വീസ് മാനുവൽ എന്നിവ നവീകരിക്കണം.

iv) പി.എസ്.സി വഴി നിയമനം നടത്തണം.

v) വിരമിക്കൽപ്രായം 60 ആക്കണം.

vi) സൂപ്പർന്യൂമററി തസ്തികകളിന്മേലുള്ള സാദ്ധ്യതകൾ ആരായണം.

vii) സെക്രട്ടറിയേറ്റ് സർവ്വീസിനെ ഉൾപ്പെടുത്തണം.

## 14) <u>കൊമേഴ്സ്യൽ ടാക്സസ് ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ</u>

i) കൊമേഴ്സ്യൽ ടാക്സസിൽ അഡീഷണൽ കമ്മീഷണർ പോസ്റ്റ് ഇല്ല.

ii) 3 ലെവൽ പ്രൊമോഷൻ സാദ്ധ്യമല്ല

iii) നിലവിൽ 2nd ഗസറ്റഡ് പദവിയിരിക്കുന്ന ആളുകൾക്ക് ഇതിന് അപേക്ഷിക്കാൻ പറ്റുമോ എന്നത് സംബന്ധിച്ച് വ്യക്തതയില്ല.

## 15) <u>കേരള സെക്രട്ടറിയേറ്റ് എംപ്ലോയീസ് അസോസിയേഷൻ</u>

i) സെക്രട്ടറിയേറ്റ് സർവ്വീസിനെ ഹാനികരമായി ബാധിക്കും.വ്യതിരിക്തമായ, വ്യത്യാസമായ സർവ്വീസ് ആണ് സെക്രട്ടറിയേറ്റ് സർവ്വീസ്.

ii) IAS ഓഫീസർമാരുടെ കുറവ് - 11 വർഷം കൊണ്ടുമാത്രമേ ഇത് നികത്താൻ കഴിയൂ. KAS രൂപീകരണം അതിന് പരിഹാരമല്ല.

iii) സ്റ്റേറ്റ് സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്) റൂൾസ് ഭേദഗതി ചെയ്യണം. സെക്ഷൻ ഓഫീസർ തസ്തികകൾ മുതലുള്ള ഓഫീസർമാരെ BDO തസ്തികകളടക്കം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അയയ്ക്കുകവഴി ഇത്

പരിഹരിക്കാം.

iv) ട്രെയിനിംഗ് വഴി സർവ്വീസ് കാര്യക്ഷമമാക്കാം

v) സർവ്വീസിലേയ്ക്ക് മറ്റ് ആളുകൾ കടന്നുവരുന്നത് സെക്രട്ടറിയേറ്റ് സർവ്വീസിന്റെ നിലവാരത്തെ ബാധിക്കും.

vi) 95 ന്ശേഷം സെക്രട്ടറിയേറ്റ് ജീവനക്കാർക്ക് ട്രെയിനിംഗ് നൽകിയിട്ടില്ല

vii)കെ.എ.എസ്സിന് എതിരാണ്

viii)ഭരണപരിചയം ഒരു പ്രധാന ഘടകമാണ്.

16) **കേരള സെക്രട്ടറിയേറ്റ് അസോസിയേഷൻ**

i)ഐ.എ.എസ് നിയമനവുമായി ബന്ധപ്പെട്ട് പി.എസ്.സി.റിക്രൂട്ട്മെന്റിൽ വരുന്ന കാലതാമസം എന്തെന്ന് മനസ്സിലാക്കി, അവ പരിഹരിച്ച് ഡെപ്യൂട്ടി കളക്ടർ തസ്തികയിലേയ്ക്ക് വർഷാവർഷമോ 2 വർഷത്തിലൊരിക്കലോ റിക്രൂട്ട്മെന്റ് നടത്തി പ്രശ്നം പരിഹരിക്കണം. കൂടാതെ, കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം ഉപേക്ഷിക്കണം.

ii) സിവിൽ സർവ്വീസിനെ സംബന്ധിച്ച് സ്പെഷ്യലിസ്റ്റുകളെ സൃഷ്ടിക്കുക എന്നത് തികച്ചും അമൂർത്തമായ ആശയമാണ്.

iii)മുൻപരിചയത്തിന്റെ അടിസ്ഥാനത്തിൽ വരുന്നവരെ തഴഞ്ഞ് പുതിയ ആൾക്കാരെ പ്രതിഷ്ഠിച്ചാൽ വിപരീതഫലം ഉളവാകും. Dy.Sp., CI Recruitment എന്നിവ ഉദാഹരണം.

iv) സ്റ്റേറ്റ് സിവിൽസർവ്വീസിന്റെ ഘടനയെപ്പറ്റിയോ നിയമന രീതിയെപ്പറ്റിയോ സമഗ്രമായ ഒരു പഠനം ഈ സംസ്ഥാനത്ത് നാളിതുവരെ ആരും നടത്തിയിട്ടില്ല.

v)e-governance വഴി മികവുറ്റ സംവിധാനം സൃഷ്ടിയ്ക്കാം

vi)IAS ലെത് KAS ഉദ്യോഗസ്ഥർ വരുമ്പോൾ 10-12 വർഷം കഴിയും.

vii) നമ്മുടെ നിശ്ചിത ശതമാനം തസ്തികകൾ നഷ്ടമാകും, അഴിമതി സെക്രട്ടറിയേറ്റിലേയ്ക്ക് കടന്നുവരും.

viii) സ്റ്റേറ്റ് സിവിൽ സർവ്വീസിനെ സംബന്ധിച്ച വിഷയം ഭരണപരിഷ്ക്കാരകമ്മീഷനെ ഏൽപ്പിക്കണം.

17) **കേരള സെക്രട്ടറിയേറ്റ് സ്റ്റാഫ് അസോസിയേഷൻ**

i)യാതൊരു സർവ്വീസ് പരിചയവുമില്ലാത്ത ചെറുപ്പക്കാർ അണ്ടർസെക്രട്ടറി തസ്തികയിലേയ്ക്ക് KAS ലൂടെ നിയമനം നേടുമ്പോൾ അത് ഭരണരംഗത്ത് ഒരു മദ്ധ്യവർഗ്ഗത്തെ സൃഷ്ടിക്കും.

ii)റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി കളക്ടർമാരുടെ നേരിട്ടുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള കാരണങ്ങൾ കണ്ടെത്തി അത് പരിഹരിക്കുകയാണ് വേണ്ടത്.

iii)മറ്റ് പല സംസ്ഥാനങ്ങളിലും സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നിലവിലുണ്ടെങ്കിലും സെക്രട്ടറിയേറ്റ് സർവ്വീസിനെ അതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

iv)നിലവിലുള്ള സ്റ്റേറ്റ് സിവിൽ സർവ്വീസ് പുനഃസംഘടിപ്പിക്കാതെ തന്നെ, ഡെപ്യൂട്ടി കളക്ടർക്ക് സമാനമായ തസ്തികകളിൽനിന്ന് IAS ഒഴിവിലേയ്ക്ക് സ്പെഷ്യൽ സെലക്ഷൻ DOPT യുടെ അംഗീകാരത്തോടെ നടത്താനുള്ള സാധ്യതകൾ പരിശോധിക്കുകയാണ് വേണ്ടത്.

v) ഇ-ഗവേണൻസിലൂടെ ഭരണരംഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിനാവശ്യമായ പരിശീലനം നൽകിയാൽ അത് ഫലപ്രദമായി നടപ്പിലാക്കാൻ കഴിവുള്ളവരാണ് ഉന്നതവിദ്യാഭ്യാസയോഗ്യതയുള്ള സെക്രട്ടറിയേറ്റ് ജീവനക്കാർ.

vi)അഴിമതിയുടെ പഴുതുകൾ അടയ്ക്കാൻ കെൽപ്പുള്ള ഇന്നത്തെ രീതിയിലുള്ള സെക്രട്ടറിയേറ്റ് സർവ്വീസിനെ മറ്റ് സർവ്വീസുമായി കൂട്ടിക്കെട്ടുന്നത് ഗുണത്തേക്കാളേറെ ദോഷമേ ചെയ്യൂ.

## 18) കേരള ഫിനാൻസ് സെക്രട്ടറിയേറ്റ് അസോസിയേഷൻ

i)KAS രൂപീകരണവുമായി ബന്ധപ്പെട്ട് 10% തസ്തികകൾ നഷ്ടപ്പെടും. ഇത് പ്രൊമോഷനെയും ബാധിയ്ക്കും.

ii) സെക്രട്ടറിയേറ്റ് സർവ്വീസിനെ KAS ന്റെ ഭാഗമാക്കിയാൽ ഭാവിയിൽ സെക്രട്ടറിയേറ്റ് സർവ്വീസിലേയും KAS ലെയും തസ്തികകൾ പരസ്പരം മാറ്റി നിയമിക്കപ്പെടാവുന്നതാണ്.

iii) പ്രായോഗിക പരിജ്ഞാനം ആവശ്യമായ ധനകാര്യവകുപ്പ് സ്ഥാപനങ്ങളിൽ പുതിയ ആൾക്കാർ വരുന്നത് ഗുണകരമല്ല.

iv)പ്രൊമോഷൻ സാദ്ധ്യതകൾ ഇല്ലാതാകും.

v)എല്ലാവകുപ്പുകളെയും ഉൾപ്പെടുത്തണം

## 19) കേരള ലോ സെക്രട്ടറിയേറ്റ് അസോസിയേഷൻ

i)സെക്രട്ടറിയേറ്റ് സർവ്വീസിനെ ഉൾപ്പെടുത്തരുത്

ii)സെക്രട്ടറിയേറ്റിൽ നിയമം, ധനകാര്യം, പൊതുഭരണം എന്ന സംവിധാനത്തെ ബാധിക്കുന്ന ഒരു വിഷയം ആശ്വാസ്യകരമല്ല.

iii)സിവിൽ സർവ്വീസിൽ ഏറ്റവും ശുദ്ധമായ സംവിധാനമാണ് സെക്രട്ടറിയേറ്റ്. അത് അട്ടിമറിക്കപ്പെട്ടും

## 20) കേരള സെക്രട്ടറിയേറ്റ് എംപ്ലോയീസ് സംഘ്

i) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കരുത്.

ii)IAS ഓഫീസർമാരുടെ ക്ഷാമം പരിഹരിക്കുവാൻ സെക്രട്ടറിയേറ്റിലെ അണ്ടർസെക്രട്ടറി തസ്തികയിലുള്ളവരെ പരിഗണിച്ചാൽ അത് സാധിക്കുവാൻ കഴിയും.

iii)കഴിവുള്ളവരെ ഉൾപ്പെടുത്തണം.

iv)DOPT യിൽ ഭേദഗതി വരുത്തുവാനുള്ള നടപടി സ്വീകരിക്കണം.

v)നിലവിലെ പരീക്ഷാ രീതി, നിയമനം എന്നിവ പരാജയമാണെങ്കിൽ പുതിയ രീതികൾ പരീക്ഷിയ്ക്കാം.

## 21) കേരള സെക്രട്ടറിയേറ്റ് ലാസ്റ്റ് ഗ്രേഡ് അസോസിയേഷൻ

i)മറ്റ് തസ്തികകൾക്ക് വരുന്ന നഷ്ടം ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ ബാധിക്കും.

ii)stagnation തങ്ങളുടെ സാധ്യതകളെ സാരമായി ബാധിക്കും

iii)നിലവിലുള്ള സേവന-വേതന പ്രൊമോഷൻ സാധ്യതകൾക്ക് ഭംഗംവരുന്ന തരത്തിലുള്ള ഒരു പരിഷ്ക്കാരത്തോടും അല്ലെങ്കിൽ സ്റ്റേറ്റ് സിവിൽ സർവ്വീസിനോടും യോജിക്കുന്നില്ല.

## List of Participants

| Name | Designation | |
|---|---|---|
| Smt.Nalini Netto | Additional Chief Secretary (Home & Vigilance) | -Sd/- |
| Sri.Paul Antony | Additional Chief Secretary (Power & Industries) | -Sd/- |
| Sri.K.M.Abraham | Additional Chief Secretary (Finance & Expenditure) | -Sd/- |
| Sri.Satyajeet Rajan | Principal Secretary (P&ARD) | -Sd/- |
| Smt. Usha Titus | Secretary, GAD | -Sd/- |
| Sri.B.G.Hareendranath | Secretary, Law Department | -Sd/- |

# കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് ബഹു.മുഖ്യമന്ത്രി സെക്രട്ടറിയേറ്റിലെ സർവ്വീസ് സംഘടനകളുമായി 13.01.2017 ൽ നടത്തിയ യോഗത്തിന്റെ നടപടിക്കുറിപ്പ്

യോഗം 13.01.2017 ന് വൈകുന്നേരം 5.00 മണിക്ക് ആരംഭിച്ചു. ബഹു.മുഖ്യമന്ത്രി യോഗത്തിൽ പങ്കെടുത്തവരെ അഭിസംബോധന ചെയ്യുകയും പ്രസ്തുത ചർച്ചയിലേയ്ക്ക് നയിച്ച സാഹചര്യം ആമുഖമായി വ്യക്തമാക്കുകയും ചെയ്തു.

സംസ്ഥാന രൂപീകരണത്തെ തുടർന്ന് അധികാരത്തിൽ വന്ന ഇ.എം.എസ്സിന്റെ നേതൃത്വത്തിലുള്ള ആദ്യത്തെ ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിക്കപ്പെട്ടപ്പോൾ ഡിപ്പാർട്ട്മെന്റലിസത്തിനും, ഡിപ്പാർട്ട്മെന്റ് കിടമത്സരത്തിനും സ്ഥാനമില്ലാത്ത രീതിയിൽ വേണം ഭരണസംവിധാനം ചിട്ടപ്പെടുത്തേണ്ടതെന്ന് അന്നുതന്നെ വ്യക്തമാക്കുകയുണ്ടായിരുന്നുവെന്നും 1965-ൽ പ്രസിദ്ധ ഐ.സി.എസ് ഉദ്യോഗസ്ഥനായിരുന്ന വെള്ളോടിയുടെ നേതൃത്വത്തിലുള്ള രണ്ടാം ഭരണപരിഷ്കാര കമ്മീഷൻ ഐ.എ.എസ് പോലെ ഉയർന്ന ഉദ്യോഗങ്ങൾക്ക് പ്രത്യേക സിവിൽ സർവ്വീസ് വേണമെന്ന നിർദേശം മുന്നോട്ട് വെച്ചു എന്നതും ബഹു.മുഖ്യമന്ത്രി വ്യക്തമാക്കി.

1997-ൽ ഇ.കെ.നായനാർ അധ്യക്ഷനായി മൂന്നാം ഭരണപരിഷ്കാര കമ്മീഷൻ നിലവിൽ വന്നപ്പോൾ താഴെ തട്ടിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾക്ക് അനുസൃതമായി സർക്കാർ ഡിപ്പാർട്ട്മെന്റുകളിലും, സെക്രട്ടറിയേറ്റിലും എന്തെല്ലാം മാറ്റങ്ങൾ വരുത്തണം എന്ന കാര്യം കമ്മീഷന്റെ പ്രധാന പരിഗണനാ വിഷയമായി എന്നും ഇതിനു പുറമെ വികേന്ദ്രീകരണം വ്യവസ്ഥാപിതമാക്കാനുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനായി നിയമിച്ച എസ്.പി. സെൻ കമ്മിറ്റി, വികേന്ദ്രീകരണം വ്യവസ്ഥാപിതമാക്കാൻ നൽകിയ നിർദ്ദേശങ്ങളും സർക്കാരിന്റെ മുമ്പിലുണ്ട് എന്നും ഇത്തരം ശുപാർശകളെല്ലാം സർവ്വീസിനെ മെച്ചപ്പെടുത്തുന്നതാണെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

സമഗ്രമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ രൂപപ്പെട്ട ഇത്തരം ശുപാർശകൾ നടപ്പിലാക്കാൻ ശ്രമിക്കുന്നതിന് പകരം എം.ജി.പി. പോലുള്ള പരിപാടികളിലൂടെ സിവിൽ സർവ്വീസിനെ ദുർബലപ്പെടുത്തുന്ന നടപടികൾ സർക്കാർ നടപ്പിലാക്കുകയും തുടർന്ന് തസ്തികകൾ വെട്ടിക്കുറയ്ക്കുകയും ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ വെട്ടിച്ചുരുക്കുകയും ചെയ്തു. ഇതിനെതിരെ ജീവനക്കാർക്ക് വലിയ സമരം നടത്തേണ്ടി വന്നതും എന്നാൽ, പിന്നീട് ഈ നയങ്ങൾ തിരുത്തപ്പെടുകയും അതിന്റെ ഭാഗമായി വെട്ടിക്കുറച്ച 11,658 തസ്തികകൾക്കുപകരം മുപ്പതിനായിരത്തോളം തസ്തികകൾ പുതുതായി സൃഷ്ടിക്കപ്പെടുകയും ജീവനക്കാരുടെ വെട്ടിക്കുറച്ച ആനുകൂല്യങ്ങൾ പിന്നീട് അധികാരത്തിൽ വന്ന സർക്കാർ പുനഃസ്ഥാപിക്കുകയും ചെയ്തകാര്യവും മുഖ്യമന്ത്രി ഓർമ്മിപ്പിച്ചു. ജീവനക്കാരുടെ ആനുകൂല്യങ്ങൾ വെട്ടിക്കുറക്കുക, തസ്തികകൾ ഇല്ലാതാക്കുക തുടങ്ങിയവയൊന്നും ഈ സർക്കാരിന്റെ നയമല്ലെന്ന് പ്രകടന പത്രികയിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുകയുണ്ടായി.

ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുൻപുതന്നെ സർക്കാരിന്റെ നയം വ്യക്തമാക്കിയിട്ടുണ്ട്. മുൻ മുഖ്യമന്ത്രി ഇ.കെ. നായനാർ അധ്യക്ഷനായുള്ള ഭരണ പരിഷ്കാര കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുമെന്നും അത് സമയബന്ധിതമായി പൂർത്തീകരിക്കാൻ മേൽനോട്ട കമ്മീഷനെ നിയോഗിക്കുമെന്നും അധികാരത്തിൽവരുന്നതിനുമുമ്പ് പ്രകടന പത്രികയിൽതന്നെ വ്യക്തമാക്കിയിരുന്നു. സ്ഥലംമാറ്റത്തിന് മാനദണ്ഡം ആവിഷ്കരിക്കുക എന്ന വാഗ്ദാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും അതോടൊപ്പം തന്നെ ശമ്പളപരിഷ്കരണം 10 വർഷത്തിലൊരിക്കൽ ആക്കണമെന്ന ശമ്പളപരിഷ്കരണ കമ്മീഷന്റെ നിർദ്ദേശം തള്ളിക്കളയുമെന്നും പ്രകടന പത്രികയിൽ പറഞ്ഞിരുന്ന ഇക്കാര്യങ്ങളെല്ലാം സർക്കാർ നടപ്പിലാക്കുമെന്നും, പ്രഖ്യാപിച്ച മറ്റ് കാര്യങ്ങളും സമയബന്ധിതമായി സർക്കാർ പൂർത്തീകരിക്കുന്നതോടൊപ്പം തന്നെ സെക്രട്ടറിയേറ്റ് അടക്കം വരുന്ന സ്റ്റേറ്റ് സിവിൽ സർവ്വീസ് കേഡർ രൂപീകരിക്കുമെന്നും അതിനായി സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്ത് പൊതുധാരണ ഉണ്ടാക്കുമെന്ന കാര്യവും പ്രകടന പത്രികയിൽ വ്യക്തമാക്കിയിരുന്നതാണെന്നും അത് നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടാണ് സെക്രട്ടറിയേറ്റ് അടക്കം വരുന്ന സ്റ്റേറ്റ് സിവിൽ സർവ്വീസ് കേഡർ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും മുഖ്യമന്ത്രി അറിയിച്ചു.

യഥാർത്ഥത്തിൽ ഏറെ മുമ്പേ കേരളത്തിൽ ഉയർന്ന് വന്ന നിർദ്ദേശമാണ് സർക്കാർ നടപ്പിലാക്കുന്നതെന്നും മന്ത്രിസഭാ യോഗം കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടെന്നും അതോടൊപ്പം അതിന്റെ ബന്ധപ്പെട്ട ചട്ടങ്ങൾ രൂപീകരിക്കുന്നതിന് ഒരു കമ്മിറ്റിക്കും രൂപം നൽകുകയും ചെയ്തിട്ടുണ്ട്. സെക്രട്ടറിയേറ്റ് ജീവനക്കാർക്ക് തോന്നുന്ന തരത്തിലുള്ള ആശങ്കകൾ പലതും വസ്തുതകൾ മനസ്സിലാക്കാത്തതു കൊണ്ടുള്ളതാണെന്നും മുഖ്യമന്ത്രി പറഞ്ഞു. ആധുനിക സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിൽ ഭരണനിർവഹണമെന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. അതിനനുസൃതമായ ഒരു പുതുതലമുറ സർക്കാരിന്റെ സേവനത്തിന് ലഭ്യമാക്കേണ്ടതുണ്ട്. ആ ഒരു ഉദ്ദേശ്യവും ഈ സർവ്വീസ് രൂപീകരിക്കുന്നതിന് പിന്നിലുണ്ട്.

നിലവിൽ രണ്ടാംനിര ആയി പ്രവർത്തിക്കുന്നതിന് പ്രൊഫഷണലുകളുടെ അഭാവവും പ്രവൃത്തിമേഖലയിലെ പരിചയക്കുറവും പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. വികസന വകുപ്പുകളിൽ പദ്ധതികൾ തയ്യാറാക്കുന്നതിനും അവ നടപ്പാക്കുന്നതിനും വരുന്ന പോരായ്മകൾ പരിഹരിക്കുവാൻ ഈ പുതിയ തലമുറയുടെ സേവനം പ്രയോജനപ്പെടുത്താനാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. ഇതിന് ഉതകുംവിധം ഈ സർവ്വീസിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് ആ ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനവും പ്രായോഗിക പരിജ്ഞാനവും ലഭ്യമാക്കും. അത്തരം നിയമന രീതിയാണ് പ്രധാനമായും ആവിഷ്കരിക്കുക.

ഇപ്പോൾ കണ്ടെത്തിയിട്ടുള്ള വകുപ്പുകളിലെ രണ്ടാം ഗസറ്റഡ് തസ്തികയിലെ 10 ശതമാനം ജീവനക്കാരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും ഈ സർവ്വീസിലെ ആകെ തസ്തികകളുടെ എണ്ണം നിശ്ചയിക്കുന്നത്. ആയത് കണ്ടെത്തുന്നതിന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളതിനു പുറമെ, ഏതൊക്കെ വകുപ്പുകളാണെന്നും അവയിൽ എത്ര തസ്തികകളാണ് ഉൾപ്പെടുത്തേണ്ടത് എന്നും

ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള കമ്മിറ്റി പരിശോധിച്ച് അന്തിമ ശുപാർശ നൽകുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

സെക്രട്ടറിയേറ്റിലെ രണ്ടാം ഗസറ്റഡ് പോസ്റ്റായ അണ്ടർ സെക്രട്ടറി പോസ്റ്റിന്റെ 10 ശതമാനമാണ് സെക്രട്ടറിയേറ്റിൽനിന്നും കെ.എ.എസ്സിലേക്ക് മാറ്റിവയ്ക്കുന്നതെന്നും അതുതന്നെ മൂന്നു ഘട്ടങ്ങളിലായാണ് നടപ്പിലാക്കുകയെന്നും മുഖ്യമന്ത്രി പറഞ്ഞു. സെക്രട്ടറിയേറ്റ് ഇതര സർവ്വീസുകളിൽ നിന്നുള്ള തസ്തികകളും കേരള സിവിൽ സർവ്വീസിൽ ഉൾപ്പെടുന്നതിനാൽ ഇവയിലേക്കും സെക്രട്ടറിയേറ്റ് ജീവനക്കാർക്ക് ഉൾപ്പെടെ കടന്നുവരാനുള്ള അവസരമൊരുങ്ങുമെന്നും ചില പോസ്റ്റുകൾ ഇല്ലാതാകുമ്പോൾ മറ്റ് മേഖലയിൽ നിന്ന് വരുന്ന പോസ്റ്റുകളിലേക്ക് സെക്രട്ടറിയേറ്റ് ജീവനക്കാർക്ക് എത്തിച്ചേരാനുള്ള സാഹചര്യം കൂടി ഉണ്ടാക്കുമെന്നും അറിയിച്ചു. ഇത് കൂടി പരിഗണിച്ചാൽ ഫലത്തിൽ മേൽ പറഞ്ഞ കുറവ് സാരമായി ബാധിക്കില്ലയെന്ന് വ്യക്തമാണ്. മാത്രമല്ല, സെക്രട്ടറിയേറ്റിലെ ജീവനക്കാർക്ക് ഐ.എ.എസ് പോസ്റ്റുകളിലേക്ക് എത്തുന്നതിനുള്ള സാധ്യതകൾ കൂടുതൽ ഉണ്ടാകുകയും ചെയ്യുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

ഐ.എ.എസ് തസ്തികകളിലേക്ക് പ്രൊമോഷൻ വഴി നികത്തപ്പെടാവുന്ന ഒഴിവുകളിൽ ഇപ്പോൾ കേരള സിവിൽ സർവ്വീസിൽ ഡെപ്യൂട്ടി കളക്ടർമാർ മാത്രമേ ഉൾപ്പെടുന്നുള്ളൂ. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നിലവിൽ വരുന്നതോടെ കെ.എ.എസ് ആകും കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ്. നിലവിൽ സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് മൂന്നിൽ ഒരു ഭാഗം ഒഴിവുകളിൽ മാത്രമാണ് ഐ.എ.എസിലേക്ക് പരിഗണിക്കപ്പെടുന്നത്. കെ.എ.എസ് വരുന്നതോടെ സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് ഐ.എ.എസിലേക്ക് കൂടുതൽ പ്രമോഷൻ സാധ്യതകൾ ഇതുവഴി തുറന്ന് കിട്ടുകയും, അതുകൊണ്ട് തന്നെ പ്രമോഷൻ തസ്തികകളുടെ കാര്യത്തിൽ കുറവ് ഉണ്ടാകില്ല എന്നും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നിലവിൽ വരുമ്പോൾ ഡെപ്യൂട്ടി സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/അഡീഷണൽ സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറി എന്നീ തസ്തികകൾക്ക് കുറവുവരുന്നതല്ല എന്നതും അതോടൊപ്പം കാണേണ്ടതുണ്ട് എന്നും ബഹു.മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

ഇതിന് പുറമെ സംഘടനകൾക്ക് പൊതുവായുള്ള പ്രശ്നങ്ങൾ ഉന്നയിക്കുന്നതിനും ഇപ്പോൾ രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയെ സമീപിക്കാവുന്നതാണ്. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം തന്നെ ഈ സർവ്വീസ് ചട്ടങ്ങൾ രൂപം നൽകുന്നതിനു മുമ്പ് സർവ്വീസ് സംഘടനകളുമായുള്ള ചർച്ചകൾ നിശ്ചയമായും ഉണ്ടാവും. പൂർണ്ണമായും പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നടത്തുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ സമാന തസ്തികകളിൽ ജോലി നോക്കുന്നവരെ മാത്രമാണ് ഇതിലേക്ക് പരിഗണിക്കുന്നത്.

പ്രകടന പത്രികയിൽ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ സർക്കാർ നടപ്പിലാക്കുമെന്നും ജീവനക്കാരുടെ മേഖലയിലെ പ്രശ്നങ്ങളെ സംബന്ധിച്ച് പ്രകടന പത്രികയിൽ നൽകിയ ഉറപ്പുകൾ പാലിക്കുമെന്നും സംതൃപ്തവും, ക്രിയാത്മകവുമായ സിവിൽ സർവ്വീസ് എന്ന സമീപനം സർക്കാർ സ്വീകരിക്കുമെന്നും സർക്കാർ നയത്തോട് സഹകരിക്കാൻ ജീവനക്കാരും തയ്യാറാകണമെന്നും മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

ബഹു.മുഖ്യമന്ത്രിയുടെ ആമുഖപ്രസംഗത്തിനുശേഷം കേരള സെക്രട്ടറിയേറ്റ് അസോസിയേഷൻ പ്രസിഡന്റ്, ജെ.ബെൻസി സംസാരിച്ചു.

- സംസ്ഥാന സിവിൽ സർവ്വീസ് ക്രിയാത്മകവും കിടമത്സരം ഇല്ലാത്തതും പ്രൊഫഷണലിസം ഉള്ളതുമാവണമെന്ന് പറഞ്ഞത് സ്വാഗതാർഹമാണെന്നും പക്ഷേ അതിനായി മുന്നോട്ടുവച്ച കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം എന്നത് ഗുണത്തേക്കാളേറെ ദോഷം ഉണ്ടാക്കുമെന്നുള്ളതുമാണ് അനുഭവപാഠങ്ങൾ തെളിയിട്ടിച്ചുള്ളത്.

- 16.01.2010 ൽ വനംവകുപ്പിൽനിന്നും ഇറക്കിയ സർക്കാർ ഉത്തരവ് Class II ഗസറ്റഡ് തസ്തികയിലേയ്ക്കുള്ള നിയമനം 01.01.1986 ൽ വച്ച് നിരോധിച്ചുകൊണ്ടുള്ളതായിരുന്നു. അതുവരെ Class II ഗസറ്റഡ് തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനമായിരുന്നു. ഇതുപോലെ തന്നെയായിരുന്നു പോലീസ് വകുപ്പിൽനിന്നും ഇറക്കിയ DySp തസ്തികയിലേയ്ക്കുള്ള നേരിട്ടുള്ള നിയമനവും. ഇതുരണ്ടും പരാജയമായിരുന്നെന്ന് കണ്ട് നിർത്തലാക്കിയതാണ്. ബിരുദം അടിസ്ഥാനമാക്കിയിട്ടുള്ളവരുടെ കീഴിൽ ബിരുദംതന്നെ അടിസ്ഥാനമാക്കിയുള്ളവർ മത്സരപരീക്ഷയിലൂടെ കടന്നുവരുന്ന സാഹചര്യത്തിൽ ദീർഘകാലത്തെ സർവ്വീസുള്ളവർ കടന്നുവരേണ്ട സൂപ്പർവൈസറി പോസ്റ്റിൽ നേരിട്ട് നിയമനം നടത്തിയതിന്റെ പരാജയമാണിത്.

- സർവ്വീസ് രംഗം ക്രിയാത്മകമാക്കുന്നതിനും കിടമത്സരം ഒഴിവാക്കുന്നതിനുള്ള സദുദ്ദേശത്തോടുകൂടി കെ.എ.എസ് കൊണ്ടുവരുമ്പോൾ അനുഭവസമ്പത്തും പരിചയസമ്പത്തും ഇല്ലാത്ത ബിരുദം അടിസ്ഥാനമുള്ളവർ വരുമ്പോൾ ഇതെല്ലാമുള്ള വലിയൊരു നിര പരിചയസമ്പത്തുള്ളവർ അവരുടെ കീഴിൽ ജോലി നോക്കേണ്ട സാഹചര്യം വരുന്നു.

- പ്രൊഫഷണൽ ഡിഗ്രിയുള്ള 700 ഓളംപേർ സെക്രട്ടറിയേറ്റിൽ ഉണ്ടെന്നും അത്യാധുനിക ട്രെയിനിംഗും മറ്റും നൽകികഴിഞ്ഞാൽ ഇന്നുള്ള മാതൃകാപരമായ സംവിധാനം ഏറ്റവും പ്രഗത്ഭമായ രീതിയിൽ ക്രിയാത്മകമായും മത്സരമില്ലാതെയും ജനോപകാരപ്രദവും വളരെ നല്ലരീതിയിൽ കൊണ്ടുപോകുന്നതുമായ ഒരു സർവ്വീസ് ഉണ്ടാകുന്നതാണ്.

- നോൺസിവിൽസർവ്വീസ് കേഡറിലേക്കുള്ള പ്രൊമോഷൻ കാറ്റഗറിയായ ഡെപ്യൂട്ടി കളക്ടർ തസ്തികയിലേയ്ക്ക് സമയബന്ധിതമായി പരീക്ഷ നടത്താത്തതാണ് ആവശ്യമായ ഉദ്യോഗസ്ഥരെ ലഭിക്കാത്തതിന് കാരണമെന്നും അതിനാൽ റവന്യൂ വകുപ്പിലെ ഡെപ്യൂട്ടി കളക്ടർ തസ്തിക സമാനവൽക്കരിച്ച് സെക്രട്ടറിയേറ്റിലെ അണ്ടർസെക്രട്ടറി തസ്തികയുമായി സമാനത നൽകി മുൻപിറക്കിയ ഉത്തരവ് പരിഗണിക്കണമെന്നും ഇപ്പോൾ കണ്ടെത്തിയ എല്ലാ വകുപ്പുകളിലെയും Class II ഗസറ്റഡ് തസ്തിക സമാനവൽക്കരിച്ച് ഇതിനു പരിഹാരം കണ്ടെത്താവുന്നതുമാണ്.

- മറ്റു സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി കേരളത്തിൽ യുവാക്കൾ നേരിട്ട് IAS നേടുന്നുണ്ടെന്നും ബിരുദം അടിസ്ഥാന യോഗ്യതയായി വരുന്നവർക്ക് വളരെ ഉയർന്ന പോസ്റ്റുകളിൽ എത്താൻ ആകർഷമായ മറ്റ് അവസരങ്ങളുണ്ടെന്നും പറഞ്ഞു. കൂടാതെ ബിരുദം അടിസ്ഥാനയോഗ്യതയായും preliminary test ഉം main test ഉം interview ഉം

കഴിഞ്ഞ് 17 ഉം 18 ഉം വർഷം കഴിഞ്ഞ് വരുന്ന തങ്ങൾക്ക് മുകളിലായി യാതൊരു പരിചയസമ്പത്തും ഇല്ലാത്ത തങ്ങളുടെ മക്കളുടെ പ്രായത്തിലുള്ളവർ വരുന്നത് വളരെയേറെ ബുദ്ധിമുണ്ടാക്കുമെന്നും ചൂണ്ടിക്കാട്ടി.

- മറ്റു ഡിപ്പാർട്ടുമെന്റിൽ അച്ചടക്കനടപടിക്കു വിധേയരായവരും വിജിലൻസ് നടപടിനേരിടുന്നവരും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്ക് വരുമ്പോൾ അഴിമതിക്ക് വഴിതെളിയിക്കുകയും ചെയ്യുമെന്നും ഓർമ്മിപ്പിച്ചു. കൂടാതെ ഇത് സെക്രട്ടറിയേറ്റ് ജീവനക്കാരുടെ പ്രൊമോഷനെ ബാധിക്കുകയും ചെയ്യും. അതിനാൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിൽനിന്നും സർക്കാർ പിന്മാറണമെന്നും അസോസിയേഷൻ പ്രസിഡന്റ് സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

തുടർന്ന് ചർച്ചയിൽ പങ്കെടുത്ത് കേരള സെക്രട്ടറിയേറ്റ് എംപ്ലോയീസ് അസോസിയേഷൻ ജനറൽ സെക്രട്ടറി എം.എസ്.ബിജുക്കുട്ടൻ സംസാരിച്ചു. കേരളത്തിലെ സർക്കാർ ജീവനക്കാരുടെ മേഖലയിൽ വികസനോന്മുഖവും ഗുണപരവുമായി പല മാറ്റങ്ങൾക്കും നാന്ദികുറിച്ച ഒരു സർക്കാരാണിതെന്നും എം.ജി.പി.അടക്കമുള്ള പദ്ധതികൾ ജീവനക്കാർക്ക് വരുത്തിവെച്ച നഷ്ടങ്ങൾ പരിഹരിക്കുന്നതിനും കൂടുതൽ മെച്ചപ്പെട്ട സേവനവ്യവസ്ഥകൾ ഉറപ്പാക്കുന്നതിനും ശ്രമിച്ച മുൻ എൽ.ഡി.എഫ് സർക്കാരുകളുടെ പാതയിലൂടെയാണ് ഈ സർക്കാരും മുന്നോട്ട് പോകുന്നതെന്നും സൂചിപ്പിക്കുകയും അധികാരമേറ്റശേഷം ഈ സർക്കാർ നടപ്പിലാക്കിയ എല്ലാ പ്രവർത്തനങ്ങൾക്കും അസോസിയേഷന്റെ നന്ദിയും കടപ്പാടും അറിയിച്ചു.

- കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിലൂടെ സെക്രട്ടറിയേറ്റ് ജീവനക്കാർക്കിടയിൽ കലുഷിതമായ ഒരു സാഹചര്യമാണ് നിലവിലുള്ളത് ആയതിനാൽതന്നെ പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിനുമുമ്പായി വിശദവും വിശദവുമായി പഠനങ്ങൾ അനിവാര്യമാണ്.
- ഇപ്പോൾ ഇറക്കിയ ഉത്തരവ് ക്യാബിനറ്റ് തീരുമാനത്തിന് വിരുദ്ധമായ ഉത്തരവാണെന്നും അതു പുനഃപരിശോധിക്കുന്നതിന് ഒരു മന്ത്രിസഭ ഉപസമിതിയെ നിയോഗിയ്ക്കേണ്ടതുമാണ്.
- കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ സെക്രട്ടറിയേറ്റിനെ ഉൾപ്പെടുത്തേണ്ടതില്ലെന്ന പ്രഖ്യാപിതനിലപാടിൽ ഉറച്ചുനിൽക്കുന്നു.
- മറ്റസംസ്ഥാനങ്ങളിൽ നിലവിലുള്ള സ്റ്റേറ്റ് സിവിൽ സർവ്വീസിനെ കുറിച്ച് വിശദമായി പഠിക്കുന്നതിനായി നിലവിലുള്ള സെക്രട്ടറിതല സമിതിയെയോ പുതിയ സമിതിയെയോ നിയമിക്കണം.
- ഇത് സംബന്ധിച്ച് പുനഃപരിശോധിക്കുന്നതിനായി ഒരു മന്ത്രിസഭാ ഉപസമിതിയെ നിയോഗിക്കേണ്ടതും പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് വരുന്നതുവരെ ഇപ്പോൾ പുറത്തിറക്കിയ ഉത്തരവ് മരവിപ്പിയ്ക്കണമെന്നും അവർ ആവശ്യപ്പെട്ടു.
- സിവിൽ സർവ്വീസ് മേഖലയിലും സാമൂഹിക സേവനരംഗത്തും ഈ സർക്കാർ

കൈക്കൊള്ളുന്ന നടപടികളെ സ്വാഗതം ചെയ്യുന്നതോടൊപ്പം അതിൽ സെക്രട്ടറിയേറ്റ് ജീവനക്കാരുടെ ആത്മാർത്ഥവും നിസ്വാർത്ഥവുമായ പങ്കാളിത്തം ഉറപ്പാക്കുവാൻ കേരള സെക്രട്ടറിയേറ്റ് എംപ്ലോയീസ് അസോസിയേഷൻ പ്രതിജ്ഞാബദ്ധമാണെന്നും അറിയിച്ചു.

തുടർന്ന് കേരള സെക്രട്ടറിയേറ്റ് സ്റ്റാഫ് അസോസിയേഷൻ ജനറൽസെക്രട്ടറി എസ്.ബിജു സംസാരിച്ചു. അഴിമതിരഹിതവും കാര്യക്ഷമവുമായി ഒരു സംവിധാനമെന്ന നിലയിൽ മുഖ്യമന്ത്രി തന്നെ സെക്രട്ടറിയേറ്റ് സർവ്വീസിനെ വിലയിരുത്തിയത് ഈ മേഖലയിലെ ജീവനക്കാരുടെ പ്രതിബദ്ധതയാണ് വെളിവാക്കുന്നതെന്നും ആയതിനാൽതന്നെ ഈ മേഖലയിൽവരുന്ന പരിഷ്കാരങ്ങൾ വിശദമായ ചർച്ചയിലൂടെ മാത്രമേ നടപ്പിലാക്കാനാവൂ എന്നും അവർ ആവശ്യപ്പെട്ടു.

- IAS നുതാഴെ നോൺ ഗസറ്റഡ് തസ്തികയ്ക്കുമുകളിൽ ഒരു മദ്ധ്യതല നിയമനമാണ് കെ.എ.എസ്. സെക്രട്ടറിയേറ്റ് ഇതരവകുപ്പുകളിൽ മദ്ധ്യതല സംവിധാനത്തിലേയ്ക്ക് നേരിട്ടുള്ള നിയമനംവഴി ജോലിയിൽ പ്രവേശിക്കുന്നവരുടെ കാര്യക്ഷമത സംബന്ധിച്ച് തർക്കങ്ങൾ നിലനിൽക്കുന്ന സാഹചര്യം ഒരു പുതിയ മദ്ധ്യതലസംവിധാനം രൂപീകരിക്കുന്നത് തികച്ചും വിശദമായ പഠനങ്ങൾക്കൊടുവിലാകണമെന്നും അന്യസംസ്ഥാനങ്ങളിൽ രൂപീകൃതമായ സ്റ്റേറ്റ് സിവിൽ സർവ്വീസിൽ സെക്രട്ടറിയേറ്റിനെ ഉൾപ്പെടുത്തിയിട്ടില്ല എന്നുള്ള വസ്തുത കണക്കിലെടുത്ത് രൂപീകരണത്തിൽനിന്നും സർക്കാർ പിന്മാറണമെന്നും അവർ ആവശ്യപ്പെട്ടു.
- ഇപ്പോൾ കണ്ടെത്തിയിട്ടുള്ള വകുപ്പുകളിൽ സെക്രട്ടറിയേറ്റിലെയും മറ്റുവകുപ്പുകളിലെയും പ്രവേശനത്തിനുള്ള അടിസ്ഥാനയോഗ്യതയിലുള്ള വ്യത്യാസം കണക്കിലെടുത്ത് ഈ വകുപ്പുകളിലെ സമാനതസ്തികകളെ ഒരുമിപ്പിക്കുന്ന തീരുമാനം പുനഃപരിശോധിക്കണം.
- സംഘടന നേതാക്കളുമായുള്ള ചർച്ചയിൽ PSU നെയോ സ്വയംഭരണസ്ഥാപനങ്ങളെയോ ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ ഇപ്പോൾ ഇറങ്ങിയ ഉത്തരവിൽ അതിനുവിരുദ്ധമായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതിനോട് വിയോജിപ്പുണ്ട്. ആയത് പരിശോധിക്കണം.

ഇതേ തുടർന്ന് കേരള ഫിനാൻസ് സെക്രട്ടറിയേറ്റ് അസോസിയേഷൻ പ്രതിനിധി ശ്രീ.അബ്ദുൾ വഹാബ് സംസാരിച്ചു.

- കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിനോട് യോജിക്കുന്നില്ല. നിലവിലുള്ളവർക്കുതന്നെ ട്രെയിനിംഗ് നൽകി സിവിൽ സർവ്വീസിനെ മെച്ചപ്പെടുത്തിയാൽ മതി. ഇന്നത്തെ സിവിൽ സർവ്വീസ് തന്നെയാണ് ഇപ്പോഴത്തെ ഭരണപരമായ എല്ലാ നേട്ടങ്ങൾക്കും കാരണമായത്.
- ഫിനാൻസ് സെക്രട്ടറിയേറ്റിലെ 2 സെക്ഷൻ ഒഴികെ എല്ലാ സെക്ഷനുകളും ഡിജിറ്റലൈസേഷൻ നടത്തിയിട്ടുണ്ട്. അനുഭവസമ്പത്തിനേക്കാളും മെച്ചമായി ഒന്നിനും കഴിയില്ല.
- പുതുതലമുറയെ പബ്ലിക് സർവ്വീസിൽ കൊണ്ടുവരാൻ നിലവിലുള്ള

സിവിൽസർവ്വീസിനെത്തന്നെ വിപുലീകരിച്ചാൽ മതി.

- ഇപ്പോൾ നടപ്പിലാക്കാൻ പോകുന്നതിന്റെ ഫലം ഇനിയും 10 വർഷം കഴിഞ്ഞേ ലഭ്യമാകൂ.
- വിവിധ സംസ്ഥാനങ്ങളിലെ സ്റ്റേറ്റ് സിവിൽ സർവ്വീസിനെകുറിച്ചുകൂടി പഠനംനടത്തി നിലവിലുള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മീഷന്റെ terms and conditions കളും ഉൾപ്പെടുത്തി ഇക്കാര്യം പഠനവിധേയമാക്കണം
- 10% മാറ്റിവയ്ക്കുക എന്നത് ജീവനക്കാരിൽ അസംതൃപ്തി ഉണ്ടാക്കുമെന്നും അതിന്റെ പ്രത്യാഘാതങ്ങൾ ദൂരവ്യാപകമാണെന്നുമുള്ള ആശങ്ക അറിയിച്ചു.

തുടർന്ന് കേരള നിയമവകുപ്പ് സെക്രട്ടറിയേറ്റ് അസോസിയേഷന്റെ പ്രസിഡന്റ് ശ്രീ.വി.എൻ.രാധാകൃഷ്ണൻ സംസാരിച്ചു. സർക്കാർ നടത്തുന്ന എല്ലാകാര്യങ്ങൾക്കും ജീവനക്കാർ പൂർണ്ണമായി സഹകരിക്കുന്നവരാണെന്നും രണ്ടു മാസക്കാലമായി ജീവനക്കാരിൽ പലവിധം ആശങ്കകൾ സൃഷ്ടിച്ചിരിക്കുകയാണെന്നും അഭിപ്രായപ്പെട്ടു.

- ഇപ്രകാരം ഒരു സിവിൽ സർവ്വീസ് കൊണ്ടുവരുമ്പോൾ ഗുണത്തേക്കാളേറെ ദോഷമേ സൃഷ്ടിക്കൂ എന്നും ഇടത്തട്ടിലുള്ള സർവ്വീസ് കൊണ്ടുവന്ന് ഒരു പുതിയ മദ്ധ്യനിരയെ മാത്രംവച്ച് കാര്യക്ഷമമായ സിവിൽ സർവ്വീസ് ഉണ്ടാക്കുമെന്നത് ഒരു മിഥ്യാധാരണ മാത്രമാണ്.
- ഇക്കാര്യം ഒരു മന്ത്രിതല ഉപസമിതി / സെക്രട്ടറിമാരുടെ കമ്മിറ്റിവച്ച് ഇതിന്റെ നേട്ടങ്ങളേയും കോട്ടങ്ങളേയുംപറ്റി പഠിച്ചശേഷം ജീവനക്കാരെക്കൂടി കണക്കിലെടുത്ത് നടപ്പിലാക്കുന്നതാണ് ഉചിതം എന്നും ആയതിനാൽ ഈ ഉത്തരവ് മരവിപ്പിക്കണമെന്നും ആവശ്യപ്പെട്ടു.

അതിനുശേഷം കേരള സെക്രട്ടറിയേറ്റ് എംപ്ലോയീസ് സംഘ് പ്രതിനിധി ശ്രീ.രഞ്ജിത്ത് സംസാരിച്ചു.

- കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കരുത്.
- സെക്രട്ടറിയേറ്റ് സർവ്വീസിലേയ്ക്കുള്ള പ്രവേശനം അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന് സമാനമായി പ്രാഥമികപരീക്ഷ, മെയിൻ പരീക്ഷ, അഭിമുഖം എന്നിവയ്ക്കുശേഷം നടത്തുന്നതിനാൽ കെ.എ.എസ്സിലേയ്ക്ക് വീണ്ടും ഇത്തരമൊരു മത്സരപരീക്ഷയുടെ ആവശ്യം പരിശോധിക്കേണ്ടതാണ്.
- Methodology of creation of Kerala Civil Service എന്നതിൽ പറയുന്നത് Post of Deputy Collector എന്നത് മാത്രമല്ല, OR in any other post or post declared equivalent thereto by State Government എന്നതാണ്. ഡെപ്യൂട്ടി കളക്ടർമാരിൽനിന്നുംമാത്രം എന്ന് ഒരിടത്തും പറയുന്നില്ല എന്നും അതിനുതുല്യമായ പോസ്റ്റ് സെക്രട്ടറിയേറ്റിൽ തന്നെ നിലനിൽക്കുമ്പോൾ IAS promotion ലേയ്ക്ക് സെക്രട്ടറിയേറ്റ് ഉദ്യോഗസ്ഥരും eligible ആണെന്നും IAS ന്റെ Appointment by Promotion, Regulations, 1955, Rule 5(2)ൽ വ്യക്തമായി പറയുന്നുണ്ടെന്നും ആ

പദവിയിലേയ്ക്ക് സെക്രട്ടറിയേറ്റിൽനിന്നും ഉദ്യോഗസ്ഥനെ നിയമിക്കണമെന്നും അഭിപ്രായപ്പെട്ടു. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന്റെ വിവിധവശങ്ങൾ പരിശോധിച്ചുതന്നെ മുന്നോട്ടുപോകണമെന്നും താൽക്കാലികമായി ഈ ഉത്തരവ് മരവിപ്പിക്കണമെന്നും സംഘടനാ പ്രതിനിധി ആവശ്യപ്പെട്ടു.

അതേത്തുടർന്ന് ലാസ്റ്റ് ഗ്രേഡ് ഓഫീസേഴ്സ് അസോസിയേഷൻ പ്രതിനിധി സംസാരിച്ചു. ഇത്തരം ഒരു സിവിൽ സർവ്വീസ് ജീവനക്കാരന്റെ മനോവീര്യവും ആത്മാർത്ഥതയും നഷ്ടപ്പെടുത്തുമെന്നും ഒരു സബ്കമ്മിറ്റി രൂപീകരിച്ച് വിശദമായ പഠനംനടത്തി അതിന്റെ ഗുണവശങ്ങൾ മനസ്സിലാക്കി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നതിനുള്ള സാവകാശം നൽകണമെന്നും അഭിപ്രായപ്പെട്ടു.

ദീർഘമായ ചർച്ചയ്ക്കുശേഷം ബഹു.മുഖ്യമന്ത്രി മറുപടി നൽകി. ചർച്ചയിൽ എല്ലാവരും സമഗ്രമായി പങ്കെടുത്തിട്ടുണ്ടെന്നും എല്ലാവരും പൂർണ്ണഐക്യം പ്രകടമാക്കി എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഇക്കാര്യത്തിൽ വലിയ ആശങ്കപ്പെടേണ്ടതില്ല എന്നും ഏതൊരു പുതിയ കാര്യവും വരുമ്പോഴുള്ള ആശങ്കകൾ തന്നെയാണിതെന്നും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുമ്പോൾ ഈ ആശങ്കകളെല്ലാം പരിഹരിക്കപ്പെടുമെന്നും അറിയിച്ചു. ഇക്കാര്യത്തോട് ഉദ്യോഗസ്ഥർ യോജിക്കണമെന്നും കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പാക്കാതിരിക്കാൻ കഴിയില്ല എന്നും ഇക്കാര്യത്തിൽ എല്ലാവരുടെയും സഹകരണം ഉണ്ടാകണമെന്നും അഭ്യർത്ഥിച്ചു. പ്രത്യേകചട്ടങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച് ചർച്ചകൾ ഉണ്ടാകുമെന്നും ഇനിയൊരു പഠനത്തിന്റെ ആവശ്യമില്ല എന്നും അറിയിച്ചു. എല്ലാവരും സഹകരണത്തിന് മുൻതൂക്കം കൊടുക്കുക എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹു.മുഖ്യമന്ത്രി യോഗം ഉപസംഹരിച്ചു.

യോഗത്തിൽ ചീഫ് സെക്രട്ടറി ശ്രീ. എസ്.എം.വിജയാനന്ദ്, ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീമതി നളിനി നെറ്റോ, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ.സത്യജിത് രാജൻ, സംഘടനാ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

യോഗം വൈകുന്നേരം 6.00 മണിക്ക് അവസാനിച്ചു.